# MAMBARAM UP SCHOOL
# MAMBARAM




# ACADEMIC MASTER PLAN

"ഒന്നാം ക്ലാസ്

ഒന്നാന്തരം"

# അക്കാദമിക

# മാസ്റ്റർ പ്ലാൻ

2025 - 2026.

സ്കൂൾ : മമ്പറം യു.പി.

ഉപ ജില്ല : തലശ്ശേരി നോർത്ത്

ക്ലാസ് : ഒന്ന്.

# ആമുഖം

ഒന്നാം ക്ലാസിലെ പാഠപുസ്തകം 2024-25 വർഷം പരിഷ്കരിക്കുകയും ഒന്നാം വർഷത്തെ വിനിമയാനുഭവങ്ങളുടെ അടിസ്ഥാനത്തിൽ മെച്ചപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പുതിയ പാഠപുസ്തകങ്ങളുടെ ഭാഗമായി നടപ്പിലാക്കിയ സംയുക്തഡയറി, രചനോത്സവം, പാട്ടരങ്ങ്, വായനോത്സവം എന്നിവയ്ക്ക് നല്ല സ്വീകാര്യതയാണ് ലഭിച്ചത്.

ഒന്നാംക്ലാസിലെ കുട്ടികൾ സ്വതന്ത്ര വായനക്കാരായതിന്റെയും പരസഹായമില്ലാതെ തങ്ങളുടെ ആശയങ്ങൾ എഴുതി പ്രകടിപ്പിക്കാൻ കഴിവുനേടിയതിന്റെയും വിളംബരമായിരുന്നു വർഷാവസാനം നടത്തിയ പഠനോത്സവം. ഭാഷാശേഷിയുടെ കാര്യത്തിൽ ഉണ്ടായ മികവ് നിലനിർത്തുന്നതിനും കൂടുതൽ മെച്ചപ്പെട്ട

അവസ്ഥയിലേക്ക് എത്തിക്കുന്നതിനും ആസൂത്രിതമായ പ്രവർത്തനം ആവശ്യമാണ്. അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നത് അതിന് വേണ്ടിയാണ്.

വാർഷിക ലക്ഷ്യങ്ങൾ നിരൂപണിച്ച് ഒരു വർഷത്തെ ക്കുള്ള പ്രവർത്തന പദ്ധതി തയ്യാറാക്കുന്ന രീതിയിലാണ് കഴിഞ്ഞ വർഷം അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത്. ഓരോ മാസത്തെയും പ്രവർത്തനങ്ങളുടെ ഫലപ്രാപ്തിയാണ് വർഷാവസാനം ഉണ്ടാവുക. ഓരോ മാസവും ചിട്ടയായി ലക്ഷ്യമിട്ട പ്രവർത്തനങ്ങൾ നടക്കേണ്ടതുണ്ട്. അതുപോലെ കുട്ടികളുടെ നിലവാരവും ഭേദപ്പെടുന്നതും പരിഗണിച്ചും ഭേദഗതികൾ ആവശ്യമാണ്. നിരന്തര വിലയിരുത്തലിന്റെ അടിസ്ഥാനത്തോട് നിറവേറ്റുന്നതിന്

ഈ വർഷം വാർഷിക ലക്ഷ്യങ്ങൾ തീരുമാനിച്ച ശേഷം പ്രതിമാസ ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും തയ്യാറാക്കുന്ന രീതിയാണ് അവലംബിക്കുന്നത്. ക്ലാസ് പി.ടി.എയിൽ ചർച്ച ചെയ്യുന്നതിനും സഹായകരം ഇതാണ്.

## ഒന്നാം ടേമിലെ പ്രവർത്തന ലക്ഷ്യങ്ങൾ.

* ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനുമുള്ള ശേഷിയുള്ളവരാക്കുക.
* എല്ലാ കുട്ടികളും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായമില്ലാതെ സ്വയം പ്രകടിപ്പിക്കാൻ കഴിവുള്ളവരാക്കുക.
* ലിപി തിരിച്ചറിയാതെ തന്നെ തന്റെ ആശയങ്ങൾ രേഖപ്പെടുത്തിയ പദങ്ങൾ വായിക്കുന്നു.
* ലിപി തിരിച്ചറിഞ്ഞ് മറ്റുള്ളവരുടെ സഹായത്തോടെ ലഘു വാക്യങ്ങൾ എഴുതുന്നു.
* എല്ലാ കുട്ടികളും രക്ഷിതാവിന്റെ പിന്തുണയോടെ സംയുക്ത ഡയറി എഴുതുന്നു.

## * ഒന്നാം ടേമിൽ നടന്ന പ്രവർത്തനങ്ങൾ.

* സംയുക്ത ഡയറി.
* വായനോത്സവം
* ക്ലാസ് പി.ടി.എ.
* ഓരോ കുട്ടിയുടെയും പഠന പുരോഗതി വിലയിരുത്തലും തുടർ പ്രവർത്തനാസൂത്രണവും.

# വാർഷിക ലക്ഷ്യങ്ങൾ.

* ചെറുസദസ്സിനു മുമ്പാകെ സങ്കോചമില്ലാതെ തന്റെ അനുഭവങ്ങൾ, ആശയങ്ങൾ, കഥകൾ, പാട്ടുകൾ എന്നിവ വാചികമായി പങ്കിടുന്നതിന് കഴിവ് നേടുക.
* ഓരോ കുട്ടിയും വായിച്ചു മനസ്സിലാക്കിയ കാര്യങ്ങൾ എഴുതിയും പറഞ്ഞും പങ്കിടാനുള്ള കഴിവ് നേടുക.
* ഓരോ കുട്ടിയും സദസ്സിനു മുമ്പാകെ നിശ്ചിത കാര്യങ്ങൾ ആശയവ്യക്തതയോടെ അവതരിപ്പിക്കാനുള്ള കഴിവ് നേടുക.
* സർഗാത്മക രചന നടത്താനുള്ള കഴിവ്.
* കുട്ടികളുടെ സർഗാത്മക രചനകൾ പുസ്തകരൂപത്തിലാക്കൽ.
* സംയുക്ത ഡയറി പ്രകാശനം

# പ്രവർത്തന മേഖലകൾ.

| മാസം | പ്രവർത്തനങ്ങൾ | തിരഞ്ഞെടുത്തവ |
|---|---|---|
| ജൂൺ | ക്ലാസ് പി.ടി.എ.<br>വായനോത്സവം [വായനാവാരത്തോടൊപ്പം തുടങ്ങും] | പാവകൾ പാടി |
| ജൂലൈ | സംയുക്തഡയറി ആരംഭിക്കൽ. | പൂവ്വിളിയുടെ അർത്ഥങ്ങൾ |
| ആഗസ്റ്റ് | രചനോത്സവം | അക്ഷരോത്സവം, ഗീതാമൽസരങ്ങളും |
| സെപ്റ്റംബർ | | മണ്ണിലും മരത്തിലും<br>മണ്ണിലും മാനത്തും |

# പ്രവർത്തനങ്ങൾ

## സംയുക്ത ഡയറി എഴുത്ത്

കുട്ടികളുടെ സ്വതന്ത്രരചനാശേഷി വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനമാണിത്. കുട്ടികളുടെ അനുഭവങ്ങളെ ചെറുവാക്യങ്ങളാക്കി രേഖപ്പെടുത്തുന്നതിന്. കുട്ടികളുടെ ആത്മവിശ്വാസം വർധിപ്പിക്കും. കുട്ടികളും രക്ഷിതാവും ചേർന്നാണ് ഡയറി.

## വായനോത്സവം.

* കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കി മാറ്റുക എന്ന ലക്ഷ്യമാണ് വായനോത്സവത്തിനുള്ളത്.
* പുസ്തകങ്ങൾ വായിച്ച് കേൾക്കുന്നതിലൂടെ കുട്ടികളുടെ പദസമ്പത്ത് വികസിക്കുന്നു.
* പുസ്തകങ്ങളെ ഇഷ്ടപ്പെടുന്നു.

## രചനോത്സവം

ഭാവന ഉണർത്തുന്ന ചിത്രങ്ങൾ ഉപയോഗിച്ച് കുട്ടികളുടെ സർഗാത്മക ശേഷി വികസനത്തിനും സ്വതന്ത്രരചനയ്ക്കും അവസരമൊരുക്കുന്നതിനും രചനോത്സവം ലക്ഷ്യമിടുന്നു.

മേഖല – അക്കാദമികം.

ഉപമേഖല – ഭാഷ.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഭാഷാശേഷി വികസനം | 1) ഭാഷാ കളരി കുട്ടികളിലും പാട്ടുകളും കഥകളുമായി കുട്ടിക്കൂട്ടങ്ങൾ സംഘടിപ്പിക്കൽ<br>2) അമ്മവായനക്ക് അമ്മമാർ കുട്ടികൾക്ക് അവതരിപ്പിക്കുന്നു. | സെപ്തംബർ ഒക്ടോബർ.<br>ജൂലൈ ഡിസംബർ നവംബർ മാസത്തിനുള്ളിൽ | ക്ലാസ് ടീച്ചർ SRG<br>ക്ലാസ് ടീച്ചർ SRG. | SMC. |

മേഖല അക്കാദമികം

ഉപമേഖല ഇംഗ്ലീഷ്.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശദാംശം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷ ധാരാളമായി കേൾക്കുവാനുള്ള അവസരം ഒരുക്കൽ | കാർട്ടൂൺ പ്രദർശനം, സിനിമാ പ്രദർശനം. | മാസത്തിൽ ഒന്ന്. | SRG ക്ലാസ് ടീച്ചർ | SSA. |

മേഖല - അക്കാദമികം.
ഉപമേഖല - ഗണിതം.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളും നിർമ്മാണ പ്രവർത്തന അടുപ്പം ഉൾച്ചേർന്ന് ഗണിതം പഠിക്കണം. | 1) ഗണിത മാസിക<br>2) ജ്യാമിതീയരൂപ അടുപ്പ നിർമ്മാണ ഏകദിന ക്യാമ്പ്<br>3) ഗണിത ക്യാമ്പ് ഗണിത പ്രവർത്തനങ്ങൾ കുട്ടികളിലൂടെ. | ജൂൺ - മാർച്ച്<br>സെപ്തംബർ.<br>മാസത്തിൽ ഒന്ന് വീതം. | ക്ലാസ് ടീച്ചർ.<br>SRG. | SSA. |

മേഖല - അക്കാദമികം.

ഉപമേഖല - പരിസര പഠനം.

| ലക്ഷ്യം. | പ്രവർത്തനം. | കാലം | ചുമതല | സാമ്പത്തിക വിഭവം. |
|---|---|---|---|---|
| ആഹാര വിഭവങ്ങളും, ഭക്ഷണ വസ്തുക്കളുടെ പ്രത്യേകതകളും തിരിച്ചറിവ്. | ഭക്ഷ്യമേള - പ്രദർശനം നടന്നു വിഭവങ്ങൾ ഉപയോഗിച്ചുള്ള പാചകവും രുചി അറിവും | ജൂൺ ജൂലൈ മാസത്തിൽ | ക്ലാസ് ടീച്ചർ. SRG. | SMC. |
| പ്രകൃതിയെ അറിയുന്നതിനും അനുഭവിക്കുന്നതിനും. | പ്രകൃതിപഠനയാത്ര, ആഘോഷങ്ങൾ, ചുറ്റുവട്ടത്തെ. | ഡിസംബർ ജനുവരി. | SRG. | |

# ആമുഖം

2025-26 അധ്യയന വർഷത്തെ വലുതും അക്കാദമിക മാസ്റ്റർപ്ലാൻ SRG മീറ്റിംഗിൽ ചർച്ച ചെയ്ത് അവതരിപ്പിക്കുകയും കാര്യങ്ങൾ വ്യക്തമായി തയ്യാറാക്കുകയും ചെയ്തു. ഈ വർഷം നടപ്പിലാക്കേണ്ട പദ്ധതികളും എല്ലാവിധത്തിലും കുട്ടികൾക്കും പ്രത്യേകം പരിഗണന നൽകുന്ന വിധത്തിൽ നടപ്പിലാക്കാൻ ഉതകുന്ന തരത്തിലുള്ളതായിരുന്നു. ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളും പഠന പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേകം തയ്യാറാക്കിയ പ്രവർത്തനങ്ങളും, വിദ്യാരംഗം കലാസാഹിത്യവേദിയുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന പ്രവർത്തനങ്ങളും അക്കാദമിക മാസ്റ്റർപ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

വിദ്യാർത്ഥികളുടെ മികവിന്റെ ഭാഗമായി എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന അക്കാദമിക മാസ്റ്റർപ്ലാൻ സ്റ്റാഫ് അധ്യാപകരുടെയും, രക്ഷിതാക്കളുടെയും സഹായ സഹകരണത്തോടെ കാര്യക്ഷമമായി നടപ്പിലാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## പ്രതീക്ഷിത നേട്ടങ്ങൾ

- പുസ്തകവായനയിൽ താല്പര്യം ജനിപ്പിക്കുക.
- ഭാഷ എളുപ്പത്തിൽ കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുക
- അക്ഷരങ്ങളും ചിഹ്നങ്ങളും ചേർത്ത് വായിക്കാൻ പ്രാപ്തരാക്കുക.
- പത്രവായന പ്രോത്സാഹിപ്പിക്കുക.
- മാതൃഭാഷയെ സ്നേഹിക്കാനുള്ള മനോഭാവം വളർത്തിയെടുക്കുക.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| 1. ഭാഷയുടെ അടിസ്ഥാന ശേഷി വികസനം. ആശയവിനിമയശേഷിയും പദസമ്പത്തും വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | എന്റെ അവധിക്കാലം<br>കുട്ടികൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത എന്നിവ) ആവിഷ്കരിച്ച് അവതരിപ്പിക്കുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| 2. കുട്ടികളിൽ സർഗ്ഗ ഊർജ്ജം പകരുന്ന ഉണർവുണ്ടാക്കുക. | ആകാശത്തേക്ക്<br>വാക്കുകളിൽ നിന്നും വാക്യത്തിലേക്ക്.<br>വാർത്താ ലോകത്ത് | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | പത്രം കുട്ടികൾ എഴുതി തയ്യാറാക്കി വായിക്കുന്നു. ഇതൊക്കെ ശേഖരിച്ച് പ്രദർശനം ചെയ്യുന്നു. | എല്ലാ ദിവസവും. | മലയാളം അധ്യാപകർ. (class-teacher) | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| 5 പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ, ലഘുനാടകങ്ങൾ എന്നിവ അവതരിപ്പിക്കാൻ അവസരമൊരുക്കുന്നു. വിദ്യാരംഗം സാഹിത്യവേദിയുടെ നേതൃത്വത്തിൽ നാടൻപാട്ടുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക് വർഷം | മലയാളം ക്ലബ്<br>പി.ടി.എ | |
| കുട്ടികളുടെ ആശയ വാണി - അവതരണമികവ് | വിശേഷദിവസവും ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പരിപാടികൾ സംഘടിപ്പിക്കുന്നു. വായിച്ച പുസ്തകത്തിന്റെ ആസ്വാദനക്കുറിപ്പ് അവതരിപ്പിക്കുന്നു | വിശേഷദിനത്തിൽ | ക്ലാസ് ലീഡർ<br>സ്കൂൾ ലീഡർ<br>മലയാളം അധ്യാപകർ | വിവിധ ഫണ്ട്<br>പി.ടി.എ. |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം? |
| --- | --- | --- | --- | --- |
| | ക്ലാസ് തലത്തിൽ വായന നടത്തി മികച്ച വായനക്കാരെ കണ്ടെത്തുന്നു. അതാത് മാസത്തെ പ്രധാനപ്പെട്ട ദിനങ്ങൾ സ്കൂൾ ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ ആസ്പദമാക്കി പത്ര ക്വിസ് നടത്തുന്നു. | പ്രതിമാസം | മലയാളം ക്ലബ് | മലയാളം ക്ലബ് |
| സാഹിത്യത്തിൽ പരിചയപ്പെടുത്തി കുട്ടികളുടെ സർഗ്ഗശേഷി വളർത്തൽ. | സാഹിത്യകാരന്മാർ, എഴുത്തുകാർ, കലാകാരന്മാർ എന്നിവരെ പരിചയപ്പെടൽ (ICT) | | മലയാളം ക്ലബ് | |
| മലയാളം കവിതകൾ പരിചയപ്പെടാനും അവ പാടുന്നതിനും ശൈലികളെയും രൂപങ്ങളെയും | ഇ - കാവ്യർക്കിംഗ് പൂർവ്വവിദ്യാർത്ഥികളെയും മലയാളം കവിത പരിശീലിപ്പിക്കുന്നു. | ആഴ്ചയിൽ ഒരു ദിവസം വർഷാവസാനം വരെ. | മലയാളം കവിതാ അദ്ധ്യാപകർ. | മലയാളം അദ്ധ്യാപകർ |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | • ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് - പ്രത്യേകം പരിശീലനം - സംഘടിപ്പിക്കൽ<br>• ആവശ്യമായ സാമഗ്രികൾ ഒരുക്കൽ | ലക്ഷ്യം നേടുന്നത് വരെ | SRG<br>Class Tr | PTA Fund. |
| വായനാശേഷി വളർത്തൽ | • ക്ലാസ് തല വായനാക്കൂട്ടം<br>• ക്ലാസ് തല ലൈബ്രറി ഒരുക്കൽ<br>• വായനാക്കുറിപ്പ്<br>• ആസ്വാദനക്കുറിപ്പ്<br>• ആനുകാലിക വായന. | വർഷം മുഴുവൻ | HM<br>SRG<br>Class Teacher<br>CPTA | PTA |
| എഴുത്ത് പരിപോഷിപ്പിക്കൽ | • പാഠഭാഗങ്ങളിൽ നിന്നും പഠനപ്രവർത്തനങ്ങളിൽനിന്നും നേടിയ ശേഷികൾ | പ്രതിമാസം | SRG<br>Class Teacher | PTA |

| | | | | |
|---|---|---|---|---|
| • അറിവ് ഡോക്യുമെന്ററിയിലൂടെ നേടൽ (ICT) | • പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട് വിവിധ വീഡിയോകൾ പ്രദർശിപ്പിക്കൽ<br>• പ്രവർത്തിപ്പിക്കൽ | • ആവശ്യാനുസരണം | Class Teacher | PTA |
| • സ്വാതന്ത്ര്യസമരനായകരുടെ - ജീവ - ചരിത്രങ്ങൾ പരിചയപ്പെടുത്തൽ, അറിഞ്ഞിരിക്കൽ. | • ഓർമ്മ ദിനം ആചരിക്കൽ<br>• ഡോക്യുമെന്ററി പ്രദർശനം<br>• ക്വിസ് - പ്രസംഗ മത്സരം<br>• പതിപ്പ് | ആവശ്യാനുസരണം | SRG<br>Class Teacher<br>CPTA | |
| • ഭാഷാ പഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആസ്വാദനങ്ങളോടെ - അവതരിപ്പിക്കൽ | കുട്ടികളുടെ സർഗ്ഗശേഷി പ്രദർശനം | | HM<br>SRG, CPTA<br>Class Tr | |
| | പരിഹാര പഠനം | | | |
| • നിരീക്ഷണം<br>അറിവ് നിർമ്മാണം | പാഠഭാഗവുമായി ബന്ധപ്പെട്ട് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ. | ആവശ്യാനുസരണം | CPTA<br>HM | PTA |

| | | | | |
|---|---|---|---|---|
| • ശാസ്ത്രമൂല്യ<br>ശാസ്ത്രം പഠനം<br>ലളിതവും രസകരവുമാക്കൽ | ശാസ്ത്ര പഠനത്തിനാവശ്യ<br>മായ ലാബുകൾ ഒരുക്കൽ<br>പരീക്ഷണങ്ങൾ ഏർപ്പെടുത്തൽ | വർഷം<br>മുഴുവൻ | HM<br>SRG<br>Class Tr | |
| ശാസ്ത്രവിജ്ഞാന ചുവർ<br>ശാസ്ത്ര പഠനം രസക<br>രമാക്കൽ. | ശാസ്ത്ര പഠനവുമായി ബന്ധ<br>പ്പെട്ട വാർത്തകൾ, ചിത്ര<br>ങ്ങൾ ഒരുക്കൽ പ്രദർശി<br>പ്പിക്കൽ. | ആവശ്യാനുസ<br>രണം | SRG<br>Class Tr | |
| ശാസ്ത്രോത്സവം<br>ശാസ്ത്ര പഠനത്തിലൂടെ<br>നേടിയ അറിവുകളുടെ<br>പ്രയോഗം | പതിപ്പ്, ചാർട്ട്, ആൽ-<br>ബം, പഠനോപകരണം<br>പരികല്പനം. | വർഷത്തിലൊ<br>രിക്കൽ | SRG<br>Class Tr<br>@P | . |

# അക്കാദമിക മാസ്റ്റർ പ്ലാൻ

# ഗണിതശാസ്ത്രം

## ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പു വരുത്തുന്നു. | <u>ഗണിത ശില്പശാല</u><br>കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. നമ്പർകാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ ഫ്ലാഷ് കാർഡ് ഉപയോഗിക്കുന്നു. | ജൂൺ മാസം | ഗണിത അധ്യാപകർ | ഗണിത ക്ലബ്ബ് PTA |
| 2) സങ്കീർണമായ ഗണിത ശാസ്ത്ര പഠനവും ഒരു ചലന ശേഷികളുടെ വികാസവും | <u>ഒറിഗാമി ശില്പശാല</u><br>ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിത ശേഷികൾ കൈവരിക്കുന്നതിനുള്ള നൽകൽ. വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ | വർഷത്തിൽ ഒരു പ്രാവിശ്യം | ഗണിത അധ്യാപകർ | ഗണിത ക്ലബ്ബ് |
| 3) ഗണിത പഠനപ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ ലാബിൽ വച്ച് ഗണിത ക്ലാസ് നടത്തൽ | ആവിശ്യാനുസരണം | ഗണിത അധ്യാപകരും ഗണിതക്ലബ്ബ് അംഗങ്ങളും | ഗണിത ക്ലബ്ബ് |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 4) ഗണിതം മധുരമാക്കൽ | ഗണിത പാർക്ക്<br>ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കൽ | ആവശ്യപ്രാവിശ്യം | ഗണിത ക്ലബ് അംഗങ്ങളിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന കുട്ടികൾ | പി.ടി.എ |
| 5) ഗണിതമേഖലയിൽ കുട്ടികളുടെ താല്പര്യം വർദ്ധിപ്പിക്കൽ. | ഗണിത പസിൽ, ഗണിത ഗെയിം, ക്വിസ്, പുസ്തക പരിചയം, ഗണിത മോഡലുകൾ തനിയെ നിർമ്മിക്കാനുള്ള പ്രവർത്തനം | മാസത്തിൽ ഒരു പ്രാവിശ്യം | ഗണിത അദ്ധ്യാപകർ ക്ലബ് ലീഡർമാർ | പി.ടി.എ |
| 6) ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | ഐ.ടി സാധ്യതകളിലൂടെ<br>ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ടാൻഗ്രാം തുടങ്ങിയ പ്രവർത്തനങ്ങൾ ഐ.ടി സാധ്യതകൾ ഉപയോഗപ്പെടുത്തി കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | മാസത്തിൽ ഒരു പ്രാവിശ്യം | ഗണിത അദ്ധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സമാഹരിക്കേണ്ട വിഭവങ്ങൾ |
|---|---|---|---|---|
| 1) ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു | **ഗണിത ക്ലിനിക്ക്**<br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി, ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പിരിയഡ് | ഗണിത അധ്യാപകരും മറ്റ് കുട്ടികളും | ഗണിത ക്ലബ് |
| 2) വിവിധ ദിനങ്ങളുടെ വിജ്ഞാനം | **ദിനാചരണം**<br>ജൂൺ മുതൽ മാർച്ചുവരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു | ആവശ്യാനുസരണം | SRG | |

# അക്കാദമിക മാസ്റ്റർ പ്ലാൻ

- സാമൂഹ്യ ശാസ്ത്രം -

2025 - 26

# ആമുഖം

2025-26 അധ്യയന വർഷത്തെ സാമൂഹ്യശാസ്ത്ര അക്കാദമിക മാസ്റ്റർ പ്ലാൻ SRG മീറ്റിംഗിൽ ചർച്ച ചെയ്ത് അവതരിപ്പിക്കുകയും കൂടുതൽ കാര്യങ്ങൾ കൂട്ടിച്ചേർത്ത് സമ്പുഷ്ടമാക്കുകയും ചെയ്തു. ഈ വർഷം നടപ്പിലാക്കേണ്ട പദ്ധതികളെ എല്ലാ വിഭാഗം കുട്ടികൾക്കും പ്രത്യേക പരിഗണന നൽകുന്ന വിധത്തിൽ വിവിധ മേഖലകളാക്കി തിരിച്ചു. ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളും സാമൂഹ്യശാസ്ത്ര പാഠപുസ്തകത്തിൽ വിവിധ യൂണിറ്റുമായി ബന്ധപ്പെടുത്തിയിട്ടുള്ള പ്രവർത്തനങ്ങളും കൂടാതെ നമ്മുടെ വിദ്യാലയത്തിൽ പഠനപിന്നോക്കാവസ്ഥ പരിഹരിക്കാനായി നടന്നുകൊണ്ടിരിക്കുന്ന 'പുലരി' എന്ന പദ്ധതിയുമായി ബന്ധ-

പ്പെടുത്തി കൊണ്ടുള്ള മികവാർന്ന പ്രവർത്തനങ്ങളും ഈ വർഷത്തെ അക്കാദമിക മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രമാക്കുക എന്ന ലക്ഷ്യങ്ങളോടെ നടപ്പിലാക്കുന്ന ~~എന്ന ലക്ഷ്യങ്ങളോടെ~~ ~~നട~~ അക്കാദമിക മാസ്റ്റർ പ്ലാൻ സഹ അദ്ധ്യാപകരുടേയും രക്ഷിതാക്കളുടേയും പൊതുസമൂഹത്തിന്റെയും സഹായസഹകരണങ്ങളോടെ കൃത്യമായ കാലയളവിൽ കാര്യക്ഷമമായി നടപ്പിലാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

# പ്രതീക്ഷിത നേട്ടങ്ങൾ

* സാമൂഹ്യശാസ്ത്രപഠനം എളുപ്പവും രസകരവും ആക്കുക.
* ചരിത്രസ്മാരകങ്ങൾ സംരക്ഷിക്കപ്പെടേണ്ടതാണ് എന്ന അവബോധം വളർത്തുക.
* പത്രവായന പ്രോത്സാഹിപ്പിക്കൽ
* സാമൂഹിക മൂല്യങ്ങൾ വളർത്തുക.
* പുസ്തക വായനയിൽ താല്പര്യം ജനിപ്പിക്കുക.
* ഭൂപടവായന, ഭൂമിശാസ്ത്രപഠനം ഇവ കൂടുതൽ എളുപ്പമാക്കുക.
* വിവിധ മത്സര പരിപാടികളിലേക്ക് കുട്ടികളെ കൂടുതൽ പ്രാപ്തരാക്കൽ
* സാമൂഹ്യശാസ്ത്ര പഠനോപകരണ നിർമ്മാണത്തിൽ കഴിവ് ആർജ്ജിക്കൽ
* പ്രകൃതി സംരക്ഷിക്കപ്പെടേണ്ടതാണ് എന്ന് ബോധ്യപ്പെടുത്തുക.
* സാമൂഹിക മൂല്യങ്ങൾ ഉൾക്കൊണ്ട് നല്ല പൗരനായി വളരുക.

# പഠന പ്രവർത്തനം

| പ്രവർത്തനഘട്ടങ്ങൾ | കാലയളവ് | |
|---|---|---|
| 1 സാമൂഹ്യശാസ്ത്രലാബ് ഒരുക്കൽ<br><br>സാമൂഹ്യശാസ്ത്ര ലാബിന്റെ ആവശ്യകത SRG യോഗത്തിൽ അവതരിപ്പിക്കുന്നു. ലാബ് സജ്ജീകരിക്കാൻ ആവശ്യം ആയ സ്ഥലം കണ്ടെത്തുകയും ഗ്ലോബ്, അറ്റ്ലസ്, ഭൂപടങ്ങൾ, അധിക വായനക്കുള്ള പുസ്തകങ്ങൾ, ചിത്രങ്ങൾ എന്നിവ സജ്ജീകരിക്കുകയും ചെയ്യുന്നു. കൂടുതൽ സജ്ജീകരണങ്ങൾ ഉൾപ്പെടുത്തുന്നതിനായി SRG യിൽ ചർച്ചചെയ്യുന്നു. ചെലവുകൾ കണ്ടെത്തുന്നു. | മെയ്-ജൂൺ. | |
| 2 പരിസ്ഥിതിദിനം<br><br>'എന്റെ വൃക്ഷം' പദ്ധതി എന്ന ദീർഘകാല പദ്ധതിയുമായി ബന്ധപ്പെട്ട് കുട്ടികൾ പരിസ്ഥിതിദിനത്തിൽ | ജൂൺ-മാർച്ച് (ദീർഘകാല പ്രവർത്തനം) | |

| | | | |
|---|---|---|---|
| | പരിചിതമോ അല്ലാത്തതോ ആയ വൃക്ഷങ്ങളുടെ വളർച്ചാഘട്ടത്തിന്റെ വിവിധ ഘട്ടങ്ങളെപ്പറ്റി സോഷ്യൽസയൻസ് നോട്ടുപുസ്തകത്തിലെ 'എന്റെ നിരീക്ഷണ റിപ്പോർട്ട്' എന്ന ഫോർമാറ്റ് എഴുതി തയ്യാറാക്കുന്നു. വൃക്ഷങ്ങളുടെ വളർച്ചയുടെ വിവിധഘട്ടങ്ങൾ, മരങ്ങൾ എന്നിവ കുട്ടികൾ നിരീക്ഷിച്ച് കണ്ടെത്തി എഴുതുന്നു. അവ ക്ലാസ് ഗ്രൂപ്പുകളിലൂടെ Digital Video ആയി വിവിധ ഘട്ടങ്ങളിൽ പ്രദർശിപ്പിക്കുന്നു. | | |
| 3 | ഡിജിറ്റൽ ആൽബം നിർമ്മാണം.<br>സാമൂഹ്യശാസ്ത്രത്തിലെ ആദ്യയൂണിറ്റായ 'മധ്യകാല ഇന്ത്യ: അധികാര കേന്ദ്രങ്ങൾ" എന്ന പാഠഭാഗവുമായി ബന്ധപ്പെടുത്തി Digital ആൽബനിർമ്മാണം നടത്തുന്നു. [ചരിത്ര സ്മാരകങ്ങൾ, വിവിധ രാജാക്കന്മാർ] | ജൂലൈ മാസം ആദ്യ ആഴ്ച. | |

| | | | |
|---|---|---|---|
| 4 | **ശില്പശാല**<br>ഭൂപടപഠനം, ഭൂമിശാസ്ത്രം എന്നീ ഭാഗങ്ങൾ കുട്ടികൾക്ക് എളുപ്പവും രസകരവും ആക്കാൻ വേണ്ടി വിദഗ്ധ അധ്യാപകരുടെ സേവനങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് ശില്പശാല സംഘടിപ്പിക്കുന്നു | ജൂലൈ മാസം | |
| 5 | **വായനാചങ്ങാത്തം**<br>വായനയിൽ കൂടുതൽ താൽപര്യം വളർത്തുന്നതിനായി പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ ഗ്രൂപ്പുകളാക്കി തിരിച്ച് വായനാകാർഡിലൂടെയും കളികളിലൂടെയും താൽപര്യം വളർത്താൻ ശ്രമിക്കുന്നു.<br>തുടർപ്രവർത്തനങ്ങളായി ദിനപത്രക്വിസ്, വായനാമത്സരങ്ങൾ എന്നിവ സംഘടിപ്പിക്കുന്നു. അതിൽ പ്രധാനപ്പെട്ടതാണ് Friday Quiz. എല്ലാ വെള്ളിയാഴ്ചയും 5,6,7 ക്ലാസിലെ കുട്ടികൾക്കായി ദിനപത്രത്തിലെ വാർത്തയുമായി ബന്ധപ്പെട്ട് ക്വിസ് മത്സരം സംഘടിപ്പിക്കുന്നു. | ദീർഘകാല പ്രവർത്തനം | |

| | | | |
|---|---|---|---|
| 6 | അഭിമുഖം<br>[Unit: കേരളം : മണ്ണ് മഴ മനുഷ്യൻ]<br><br>കർഷകദിനത്തോടും പാഠഭാഗ പ്രവർത്തനങ്ങളോടും ബന്ധപ്പെടുത്തി നമ്മുടെ നാട്ടിലെ മികച്ച കർഷകനുമായി അഭിമുഖ പരിപാടി സംഘടിപ്പിക്കുന്നു.<br>കൃഷിയുമായി ബന്ധപ്പെട്ട് കുട്ടികൾക്കുള്ള സംശയങ്ങൾ ചോദ്യാവലിയായി മുൻകൂട്ടി എഴുതി തയ്യാറാവാൻ ആവശ്യപ്പെടുന്നു. അഭിമുഖ പരിപാടിയിൽ അത് അവതരിപ്പിക്കുവാനുള്ള അവസരം നൽകുന്നു. സ്വന്തമായി കൃഷി ചെയ്യാനുള്ള മനോഭാവം സൃഷ്ടിക്കുകയും സ്കൂളിലും വീട്ടിലും കൃഷിത്തോട്ടം ഒരുക്കാനുള്ള താല്പര്യം കുട്ടികളിൽ ഉണ്ടാക്കാൻ സാധിക്കുന്നു. | ആഗസ്റ്റ് മാസം. | |
| 7 | പ്രസംഗകളരി [സ്വാതന്ത്ര്യദിനം]<br><br>വിവിധ മത്സരപരിപാടികളിൽ കുട്ടികളെ പങ്കെടുപ്പിക്കുവാനുള്ള പരിശീലന | ആഗസ്റ്റ്-സെപ്റ്റംബർ | |

| | | | |
|---|---|---|---|
| | പരിപാടിയായി പ്രസംഗമത്സരം സംഘടിപ്പിക്കുന്നു. ഏത് വിഷയത്തിലും സഭാകമ്പമില്ലാതെ അവതരണം പ്രാപ്തമാക്കാൻ ഉദ്ദ ചെറിയ ശില്പശാലയും സംഘടിപ്പിക്കുന്നു. സ്വാതന്ത്ര്യദിന പ്രസംഗത്തോടെയാണ് ഈ ~~[illegible]~~ പരിപാടി ആരംഭിക്കുന്നത്. താൽപര്യവും കഴിവും ഉദ്ദ കുട്ടികളെ കണ്ടെത്തി അവർക്ക് കൂടുതൽ പരിശീലനം നൽകുന്നു. | | |
| 8 | ഗാന്ധിജയന്തി<br>ഗാന്ധിജയന്തിദിനം മുതൽ ആരംഭിക്കുന്ന ദീർഘകാല പ്രവർത്തന പരിപാടികൾ ആവിഷ്കരിക്കുന്നു. ആൽബം തയ്യാറാക്കൽ, ഗാന്ധി ക്വിസ്, പ്രസംഗ മത്സരം, ജീവചരിത്രക്കുറിപ്പ്, ഗാന്ധി കവിതകൾ ശേഖരിക്കൽ തുടങ്ങിയവ. ഇതിനായി വിദ്യാലയ ലൈബ്രറി പ്രാദേശിക വായനശാലകൾ എന്നിവ പ്രയോജനപ്പെടുത്തുന്നു. | ഒക്ടോബർ മുതൽ മാർച്ച് മാസം വരെ. | |

| | | | |
|---|---|---|---|
| 9 | ബോധവൽക്കരണ ക്ലാസ്സും റിപ്പോർട്ട് അവതരണവും.<br><br>പ്ലാസ്റ്റിക് ബോധവൽക്കരണ ക്ലാസ് സംഘടിപ്പിക്കുന്നു. തുടർന്ന് കുട്ടികളോട് അവരുടെ പരിസര പ്രദേശത്തുള്ള [illegible] സ്കൂൾ പരിസരത്തിലെയും വീടുകൾ സന്ദർശിച്ച് മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട വിവരശേഖരണ റിപ്പോർട്ട് തയ്യാറാക്കാൻ ആവശ്യപ്പെടുന്നു. ക്രോഡീകരിച്ച റിപ്പോർട്ട് പഞ്ചായത്തിൽ സമർപ്പിക്കുന്നു. | നവംബർ - ഡിസംബർ | |
| 10 | സോഷ്യൽസയൻസ് Expo<br><br>5,6,7 ക്ലാസിലെ സാമൂഹ്യശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് കുട്ടികൾ തയ്യാറാക്കിയ ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുന്നു. അതിന്റെ കൂടെ സോഷ്യൽസയൻസ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ കുട്ടികൾ ശേഖരിക്കുന്ന പുരാവസ്തുക്കൾ നാണയങ്ങൾ എന്നിവയുടെ പ്രദർശ | ജനുവരി | |


| | | | |
|---|---|---|---|
| | നം കൂടി നടത്തുന്നു. | | |
| 11 | ഫീൽഡ് ട്രിപ്പ്<br><br>മധ്യകാല ഇന്ത്യ- എന്ന പാഠഭാഗത്ത് വിവിധ നിർമ്മിതികളെ കുട്ടികൾ പരിചയപ്പെടുന്നു. നമ്മുടെ ജില്ലയിലെ വിവിധ ചരിത്ര നിർമ്മിതികൾ കണ്ട് മനസ്സിലാക്കാനും ചരിത്ര സ്മാരകങ്ങൾ സംരക്ഷിക്കപ്പെടാനുള്ള മനോഭാവം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെയും കുട്ടികൾക്കായി ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു. | ജനുവരി-ഫിബ്രുവരി | |
| 12 | നമ്മളും മുന്നോട്ട്<br><br>പഠനവിടവ് നികത്തി പിന്നോക്ക കുട്ടികളെ മികവിലേക്ക് ഉയർത്തുക എന്ന ലക്ഷ്യത്തോടെ നമ്മുടെ വിദ്യാലയത്തിൽ നടത്തിക്കൊണ്ടിരിക്കുന്ന 'നിർഭയം മുന്നോട്ട്' എന്ന ദീർഘകാല | ദീർഘകാലം | |

| | | | |
|---|---|---|---|
| | പദ്ധതിയുടെ തുടർ പ്രവർത്തനവും സാമൂഹ്യശാസ്ത്ര പഠനനേട്ടങ്ങൾ കൂടുതൽ ഉൾപ്പെടുത്തിക്കൊണ്ടാണ് ഈ പദ്ധതി നടത്താൻ ഉദ്ദേശിക്കുന്നത്. ഭാഷാ നൈപുണികൾ, കൂട്ട പഠനം, വായനാ ചങ്ങാത്തം എന്നീ പ്രവർത്തനങ്ങളും ഇതിൽ ഉൾപ്പെടുന്നു.<br>സാമൂഹ്യശാസ്ത്ര പഠനത്തിലെ പ്രത്യേക പഠന വിടവുകൾ കണ്ടെത്തി പരിഹാര കുട്ടികൾക്ക് വർക്ക്ഷീറ്റ്, വായനാക്കാർഡ്, ക്ലിപ്പ് കണ്ടെത്തൽ, പാഠഭാഗവുമായി ബന്ധപ്പെട്ട് ക്വിസ് പരിപാടികൾ, ഗ്രൂപ്പ് പ്രവർത്തനങ്ങൾ, പ്രത്യേക ശില്പശാല എന്നിവയും ഇതിൽ ഉൾപ്പെടുന്നു. | | |
| 13 | ഭൗമദിന പോസ്റ്റർ പ്രദർശനം, സെമിനാർ പേപ്പർ.<br>സാമൂഹ്യശാസ്ത്രത്തിലെ പ്രകൃതിയുടെ വരദാനം | ഫിബ്രുവരി-മാർച്ച് | |

| | | | |
|---|---|---|---|
| | എന്ന യൂണിറ്റുമായി ബന്ധപ്പെ<br>ട്ടുള്ള പോസ്റ്റർ പ്രദർശനം<br>സംഘടിപ്പിക്കുന്നു.<br>പ്രകൃതി വിഭവസംരക്ഷണം<br>എന്ന വിഷയത്തിൽ സെമിനാർ<br>പേപ്പർ അവതരണവും സംഘ<br>ടിപ്പിക്കുന്നു.<br>പ്രകൃതിവിഭവങ്ങൾ വരും<br>തലമുറയ്ക്ക് കൂടി സംരക്ഷിച്ച്<br>വെക്കേണ്ടതാണ് എന്ന<br>അവബോധം സൃഷ്ടിക്കുകയാണ്<br>ലക്ഷ്യം. | | |
| | | | |

# ഉപസംഹാരം

കോവിഡാനന്തര വിദ്യാർത്ഥിക
ളിൽ ഉണ്ടായ മാനസിക പ്രശ്നങ്ങളും
പഠന വിടവുകളും പലതരത്തിലുള്ള
പഠനപ്രവർത്തനങ്ങളിലൂടെ കണ്ടെത്താനും
പരിഹരിക്കാനും ഈ അക്കാദമിക മാസ്റ്റർ
പ്ലാനിന്റെ വിവിധ പ്രവർത്തനങ്ങൾ ലക്ഷ്യം
വെക്കുന്നു. കുട്ടികളിൽ സാമൂഹ്യശാസ്ത്ര വിഷയ
ത്തിൽ താല്പര്യം ഉണ്ടാക്കാനും വിഷയം
എളുപ്പമാക്കാനുമുള്ള പ്രവർത്തനങ്ങൾ
2025-26 വർഷത്തെ അക്കാദമിക പ്ലാൻ
വിഭാവനം ചെയ്യുന്നു. ഇതിലെ ഓരോ പ്രവർത്തന
ങ്ങളും പാഠപുസ്തകത്തിനപ്പുറത്തേക്കും
സമൂഹത്തിലേക്കും ഇറങ്ങിച്ചെല്ലാനും നിരീക്ഷണത്തിനും
വിവരശേഖരണത്തിനും ദൈനംദിന പദ്ധതികൾക്ക്
പ്രാപ്തരാക്കാനും പഠനയാത്രകളിലൂടെ
ഉല്ലസിച്ച് പഠിക്കാനും വായനയുടെ മികവി-
ലേക്കും കുട്ടികളെ നയിക്കുമെന്ന്
പ്രതീക്ഷിക്കുന്നു.




# ACADEMIC MASTER PLAN

# UP ENGLISH

## Academic Master Plan: Holistic Learning and Development Program

### INTRODUTION

Our comprehensive program is designed to foster academic excellence, creativity, and social skills in students. The activities outlined below are tailored to specific age groups and learning objectives, ensuring a well-rounded development for each child. Through a blend of interactive lessons, hands-on projects, and collaborative teamwork, our program aims to:

- Nurture critical thinking and problem-solving skills
- Encourage creativity, self-expression, and imagination
- Develop effective communication and teamwork skills
- Foster a growth mindset, resilience, and adaptability
- Prepare students for future academic and professional success

Our program is structured to meet the unique needs and interests of each age group, providing a supportive and stimulating environment that promotes overall growth and development.

### Key Components:

1. **Language and Literacy**: Developing strong language skills through interactive activities and immersive experiences.
2. **Creativity and Expression**: Encouraging imagination, self-expression, and confidence through storytelling, role-playing, and visual displays.
3. **Teamwork and Collaboration**: Fostering teamwork, communication, and problem-solving skills through group activities and competitions.
4. **Critical Thinking and Problem-Solving**: Developing critical thinking skills through puzzles, quizzes, and riddles.

| Objectives | Activities | Duration | Task |
|---|---|---|---|
| To provide an opportunity to listen to English correctly and speak fluently. | **Follow Me If You Can!** - Provides practice exercises to follow instructions given in English. | June | English teachers |
| | **Missing Man** - A teacher and student engage in a conversation recorded and played for children. The teacher's part is omitted, and children are encouraged to take on the teacher's role. | June | English teachers |
| | **Lend Your Ear** - Recorded English conversations with sweetness and flavour. Encourages children to answer related questions. | July | English teachers |
| | **Treasure Hunt** - Uses various objects to create a treasure hunt. Each object is numbered, and children are given clues to identify the object. They earn points for correct answers. | August | English teachers |
| | **Breaking News** - Records English radio news. Requires children to listen carefully to correct pronunciation. | November | English teachers |

| Objectives | Activities | Duration | |
|---|---|---|---|
| Practicing creative reading | **Meet the Foreigner - An opportunity to interact with people who speak different languages.** | Once in a year | English teachers |
| | **Reader of the Month - An opportunity is given to read in English. The Reader of the Month is appreciated.** | Once in a month | English teachers |
| | **F.M. Corner - Stories are presented in the form of Reader's Theatre radio drama.** | Once in a term | English teachers |
| | **I Too Can!! - Various language cards are arranged in a unique way to help practice speaking without mistakes. (From simple to complex)** | July | English teachers |

| | | | |
|---|---|---|---|
| Practicing creative reading | **Leaning Ladder - Starting from the base language, a few selected words are charted out to help children practice speaking. The entire vocabulary is correctly identified, and the person who achieves this is rewarded with respect and honour**<br><br>**One Man Show - Encouragement is given to perform a one-man show in English.** | September<br><br>October | English teachers<br><br>English teachers |

| Objective | **Activities** | Duration | |
|---|---|---|---|
| To make English writing more accurate | **Fun time Funda - Provides opportunities for fun activities like riddles, quizzes, and puzzles in the class.** | In English class rooms | English teachers |
| | **Run Baby Run - Divides the class into groups. The group that writes the most words shown on the chart without mistakes wins.** | February | English teachers |
| | **Alert Zone - Displays notice boards, posters, and school notice boards in the classroom and school.** | On day celebrations | English teachers |
| To boost confidence with the English language | **My Droplets - Creates a mini dictionary of children's imagination in the class.** | At the end of the academic tear | English teachers |

| | | | |
|---|---|---|---|
| To boost confidence with the English language | **The Grand Camp - Conducts an English camp for children in classes 5, 6, and 7, with a focus on improving their English skills through various activities.** | At the end of the academic tear | English teachers |
| | **Class 5** | | |
| | **Story telling** | June | English teachers |
| | **Story writing competition** | August | |
| | Role play related to chapters in text books | During English periods | English teachers |

| | | | |
|---|---|---|---|
| To boost confidence with the English language | Class 6<br><br>Documentary presentations | February | English teachers |

# CONCLUSION

The Master Plan: Enhancing Learning through Engaging Activities is a comprehensive and well-structured program designed to foster academic excellence, creativity, and social skills in students. By incorporating a range of engaging activities tailored to specific age groups and learning objectives, this plan aims to provide a supportive and immersive learning environment.

## IMPLEMENTATION AND FUTURE DIRECTIONS:

To ensure the success of this master plan, it is essential to:

1. Monitor Progress: Regularly assess the effectiveness of the program and make adjustments as needed.
2. Encourage Student Participation: Foster a culture of participation and engagement among students.
3. Provide Teacher Training: Ensure that teachers are equipped to deliver the program effectively.

By implementing this master plan, educational institutions can provide a comprehensive and engaging learning environment that prepares students for future success.

# ആമുഖം

2025-26 വർഷത്തെ അടിസ്ഥാനശാസ്ത്ര അക്കാദമിക മാസ്റ്റർ പ്ലാൻ SRG മീറ്റിംഗിൽ ചർച്ച ചെയ്ത് എല്ലാവിഭാഗം കുട്ടികൾക്കും പരിഗണനയും അവസരവും നൽകുന്ന വിധത്തിലുള്ള പദ്ധതികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പാഠപുസ്തകത്തിലെ പ്രവർത്തനങ്ങളുമായും ബന്ധപ്പെടുത്തിയിട്ടുള്ള പ്രവർത്തനങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. "നമ്മുടെ പ്രകൃതി, നമ്മുടെ ഉത്തരവാദിത്വം" എന്ന ആശയം ഉൾക്കൊണ്ടു കൊണ്ടുള്ള പദ്ധതികൾ ഉൾച്ചേർത്തിട്ടുണ്ട്.

| പദ്ധതി | പ്രവർത്തനങ്ങൾ | ലക്ഷ്യം | കാലയളവ് | ചുമതല/ പിന്തുണ | പ്രതീക്ഷിത ചിലവ് | വിലയിരുത്തൽ |
|---|---|---|---|---|---|---|
| 1) "മരം ഒരു വരം" | വൃക്ഷതൈ വിതരണം വൃക്ഷതൈ നടൽ പരിപാലനം | പ്രകൃതി സംരക്ഷണം, പ്രകൃതിയോട് ഇണക്കി ചേർക്കൽ | June to August | സയൻസ്/ ഇക്കോ ക്ലബ്ബ് | 2500/- | SRG/ PTA |
| 2) ലാബ് നവീകരണം | പഴകിയതും പൊട്ടിപ്പൊളിഞ്ഞതുമായ സാധനങ്ങൾ നീക്കം ചെയ്യുന്നു. പുതിയ സാധനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കുന്നു. വാങ്ങിച്ച സാധനങ്ങൾ ക്രമീകരിച്ചു വെക്കുന്നു | കുട്ടികളിൽ ശാസ്ത്ര താല്പര്യം വർദ്ധിപ്പിക്കുക | June to december | സയൻസ്/ ഇക്കോ ക്ലബ്ബ് | 10,000/- | PTA HM |
| 3] ഔഷധത്തോട്ട നിർമ്മാണം. | ഔഷധത്തോട്ടത്തിനാവശ്യമായ സ്ഥലമൊരുക്കൽ | ഔഷധ സസ്യങ്ങളെ തിരിച്ചറിയുക. | June to March | PTA സയൻസ് ക്ലബ്ബ് | 20000/- | PTA HM |

| | | | | | | |
|---|---|---|---|---|---|---|
| | ചെടിച്ചട്ടികൾ ശേഖരിക്കൽ<br>വിവിധ തരത്തിലുള്ള ഔഷധ സസ്യങ്ങൾ ശേഖരിക്കൽ<br>ആവശ്യമായ വളം ശേഖരിക്കൽ<br>കൃത്യമായ ഇടവേളകളിൽ ചെടിക്കാവശ്യമായ പരിചരണം നൽകൽ | ഔഷധ സസ്യങ്ങളുടെ ഗുണങ്ങൾ തിരിച്ചറിയുന്നു | | | | |
| 4] നൂതന ആശയങ്ങൾ ഉപയോഗിച്ച് പുതിയ തരം ചട്ടികൾ നിർമ്മിക്കാൻ | ഗ്രാഫ്റ്റിന്<br>ബഡിംഗിന്<br>ലെയറിംഗിന്<br>നടീൽ വസ്തുക്കൾ ശേഖരിക്കൽ | മാതൃ സസ്യത്തിന്റെ തനതു ഗുണമുള്ള തൈകളുണ്ടാകാൻ | June to August | സ്പോൺസർഷിപ്പ് | 1000/- | PTA<br>SMC<br>HM |

# അക്കാദമിക മാസ്റ്റർ പ്ലാൻ
## ക്ലാസ് 2

ലക്ഷ്യം

എല്ലാ വിഷയത്തിലും നൈപുണി നേടി ഒരു നല്ല വിദ്യാഭ്യാസത്തിന്റെ ഉടമയായി ഓരോ കുട്ടിയും എല്ലാ തലങ്ങളിലും മികവുറ്റവരായി തീരണം

പ്രവർത്തന ലക്ഷ്യങ്ങൾ

രണ്ടാം ക്ലാസിലെ ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്

രണ്ടാം ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയ ഗ്രഹണ വായന ഉറപ്പു വരുത്തുക.

ക്ലാസിലെ എല്ലാ കുട്ടികളെയും തെറ്റുകളില്ലാത്ത ക്ലാസ് നിലവാരത്തിലുള്ള വ്യവഹാര രൂപങ്ങൾ തയ്യാറാക്കാൻ കഴിവുള്ളവരാക്കുക

വർഷാവസാനം സ്വതന്ത്രമായ ലേഖനത്തിൽ ഏർപ്പെടുകയും വ്യക്തിഗതമായ രചനകളിൽ ഏർപ്പെടുകയും ചെയ്യുന്നു.

ചിത്രത്തെ അടിസ്ഥാനമാക്കി സംഭാഷണം, ലഘു വിവരണം, കഥ എന്നിവ തയ്യാറാക്കുന്നു

ആശയം, ഈണം, താളം എന്നിവ പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത് കവിതകൾ എഴുതുകയും ചൊല്ലുകയും ചെയ്യുന്നു.

മുന്നൊരുക്കം

പ്രീ- ടെസ്റ്റ് നടത്തുന്നു. എല്ലാ തലങ്ങളിലുമുള്ള കുട്ടികളെയും കണ്ടെത്തുന്നു.

CPTA നടത്തി പിന്തുണ കുട്ടിക്ക് ലഭ്യമാക്കാനുള്ള അവസരമുണ്ടാക്കുന്നു.

പ്രവർത്തന ലക്ഷ്യം

രണ്ടാം ക്ലാസിലെ ഓരോ കുട്ടിക്കും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്

(പ്രവർത്തന കലണ്ടർ

ജൂൺ

ചിത്ര കാർഡുകൾ നൽകൽ (ചിത്രവും പേരും ഉൾക്കൊണ്ട്)

ഭാഷണത്തിന് ക്ലാസിൽ അവസരമൊരുക്കൽ

വായനാ സാമഗ്രികൾ നിർമ്മിക്കൽ

വായനയും എഴുത്തും വികസിപ്പിക്കാനുള്ള തന്ത്രങ്ങൾ വികസിപ്പിക്കൽ

ജൂലൈ

ഭാഷയുമായി ബന്ധപ്പെട്ട ICT സാധ്യത ഉറപ്പാക്കൽ

ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത

ക്ലാസ് ലൈബ്രറി സജ്ജീകരിക്കുക

ആഗസ്റ്റ്

ക്ലാസ് ലൈബ്രറി പ്രവർത്തനക്ഷമമാക്കൽ

ചിത്ര വിവരണം

സെപ്റ്റംബർ

വായിച്ച കഥയിൽ നിന്ന് സംഭാഷണം ഒരുക്കൽ

വായിച്ച കഥയിൽ നിന്ന് ചോദ്യങ്ങൾ ഉണ്ടാക്കൽ

ഒക്ടോബർ

കേട്ടതോ വായിച്ചതോ ആയ കഥകൾ, സംഭാഷണങ്ങൾ എന്നിവ സ്വന്തം ഭാഷയിൽ രചിക്കാമായി അവതരിപ്പിക്കുന്നു.

വിവിധ തരത്തിലുള്ള പതിപ്പ് തയ്യാറാക്കുന്ന്

ഉദാ: ആന
വലിയ ആന
കറുത്ത ആന

നവംബർ

കുട്ടികൾക്ക് സ്വതന്ത്രമായ സർഗ്ഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം

ഡിസംബർ

വരികൾ കൂട്ടിച്ചേർത്ത് പാടുന്നതിനും എഴുതുന്നതിനുമുള്ള അവസരം ഒരുക്കൽ (കവിത പൂരണം)

ജനുവരി

ലഘു വിവരണങ്ങൾ, പ്രത്യേകതകൾ എഴുതുന്നതിനും വായിക്കുന്നതിനുമുള്ള അവസരം ഒരുക്കൽ

ഫെബ്രുവരി

കുട്ടികളിൽ സ്വതന്ത്രമായ സർഗ്ഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള അവസരം ഒരുക്കൽ

മാർച്ച്

വീട്ടുവായന, കൂട്ടുവായന, നാട്ടുവായന, അമ്മ വായന ചിത്രവായന ഇവയെ പ്രോത്സാഹിപ്പിക്കൽ ക്ലാസ് ലൈബ്രറി തയ്യാറാക്കൽ

# English

Aim

To read & write English without any mistakes

June - pre - Test

To develop listening skills & reading skills

Listening Skills

Games, actionsongs, Skit, Stories use ICT

Speaking Skills

Picture reading, picture description

August, September, October

Reading Skills

Library book reading, describing words, TB activities

Writing Skills

Make word web, Conversation

Add more lines, develop story, description.

# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025- 2026

## ആരോഗ്യ- കായിക വിദ്യാഭ്യാസം

മമ്പറം യു പി സ്കൂൾ

മേഖല – ആരോഗ്യ കായിക വിദ്യാഭ്യാസം

ഉദ്ദേശം – 1, കുട്ടികളിൽ ആരോഗ്യ കായിക ക്ഷമത വളർത്തുക

2, അനുയോജ്യമായ കായിക ഇനങ്ങളുടെ നൈപുണികൾ സ്വായത്തമാക്കുക

ഉപമേഖല 1, കായിക മേഖല

2. ആരോഗ്യ മേഖല

ആമുഖം

കേരളത്തിലെ സ്കൂൾ വിദ്യാർത്ഥികളിൽ നടത്തിയ പഠനമനുസരിച്ച് കുട്ടികളിൽ കായികക്ഷമത അനുദിനം കുറഞ്ഞുവന്നുകൊണ്ടിരിക്കുകയാണ്. ശരിയായ ആരോഗ്യ-കായിക അവബോധമില്ലായ്മയാണ് പ്രധാന കാരണമായി ചൂണ്ടിക്കാണിക്കുന്നത്. കുട്ടിക്കാലത്തെ പ്രസരിപ്പുള്ള ജീവിതശൈലി യൗവനത്തിനും വാർദ്ധക്യത്തിലുമുള്ള ആരോഗ്യത്തിന് നേരിട്ട് ഗുണം ചെയ്യുന്നു. കേരള സംസ്ഥാനത്തിലെ കുട്ടികളുടെ ശാരീരിക സ്ഥിതി മുൻതലമുറകളെ അടിസ്ഥാനപ്പെടുത്തി വിശകലനം ചെയ്യുകയാണെങ്കിൽ ഇപ്പോഴത്തെ കുട്ടികൾ ശാരീരിക- കായിക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന്റെ തോത് വളരെ കുറവാണ്.

ആരോഗ്യ - കായിക വിദ്യാഭ്യാസം നേരിടുന്ന പ്രശ്നങ്ങൾ

എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിക്കുന്ന ശേഷികൾ നേടാൻ സാധിക്കുന്നില്ല. കായികക്ഷമത പ്രവർത്തനങ്ങൾ ഫലപ്രദമായി എല്ലാ ക്ലാസുകളിലും നടപ്പിലാക്കുന്നതിന് അനുവദിച്ച പിരീഡുകൾ അപര്യാപ്തമാണ്. പാഠ്യപദ്ധതി നിർദ്ദേശിക്കുന്ന കായിക- വിദ്യാഭ്യാസ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് ആവശ്യമായ കായിക ഉപകരണങ്ങളും സൗകര്യങ്ങളും ഇല്ല. കളിസ്ഥലത്തിന്റെ അഭാവം ഞങ്ങളുടെ സ്കൂളിലെ കായിക പ്രവർത്തനങ്ങൾക്ക് വിഘാതമാവുന്നു

ലക്ഷ്യം

1. കായികക്ഷമത വർദ്ധിപ്പിക്കൽ
2. ആരോഗ്യമുള്ള തലമുറയെ സൃഷ്ടിക്കൽ

പ്രവർത്തനം

നമ്മുടെ സ്കൂളിലെ 5, 6, 7 ക്ലാസുകളിലെ മുഴുവൻ വിദ്യാർത്ഥികളെയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് തയ്യാറാക്കിയിട്ടുള്ളത്. ആരോഗ്യ- കായിക- വിദ്യാഭ്യാസത്തിന് അനുവദിച്ചിട്ടുള്ള പിരീഡുകൾ ഉപയോഗിച്ചും സ്കൂൾ പ്രവർത്തനം ആരംഭിക്കുന്നതിന് മുൻപെയുള്ള രാവിലത്തെ സമയവും സ്കൂൾ പ്രവർത്തനത്തിനു ശേഷമുള്ള വൈകുന്നേരങ്ങളിലെ സമയവും ഉപയോഗിച്ച് കുട്ടികളിലേക്ക് പ്രവർത്തനങ്ങൾ എത്തിക്കാൻ സാധിക്കുന്ന രീതിയിലാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്. പ്രവർത്തനങ്ങൾ താഴെ വിവരിക്കുന്നു.

1. കിഡ്സ് അത്‌ലറ്റിക്സ് ആന്റ് അത്‌ലറ്റിക്സ്
2. മേജർ ഗെയിം - ഫുട്ബോൾ ആന്റ് ഖൊ-ഖൊ
3. എയറോബിക്സ്
4. മൈനർ ഗെയിംസ്
5. യോഗ
6. റോഡ് സേഫ്റ്റി അവേർനസ് ക്ലാസുകൾ
7. ട്രാഫിക് നിയമങ്ങൾ ബോധ്യപ്പെടുത്തുന്നു.

ഇന്നത്തെ പ്രധാന പ്രശ്നം റോഡുനിയമങ്ങളെക്കുറിച്ച് വ്യക്തമായ ധാരണ ഇല്ലായ്മയാണ്. ലക്ഷ്യങ്ങൾ റോഡ് നിയമങ്ങളെക്കുറിച്ച് ബോധവാന്മാരാക്കുക എന്നതാണ്.

# ഉർദു അക്കാദമിക് മാസ്റ്റർ പ്ലാൻ

## 2025- 26


മവ്വാറം യു.പി സ്കൂൾ

സുമയ്യ. സി

# ആമുഖം

ഇന്ത്യയിൽ ജനിച്ച, ലോകത്താകമാനം പടർന്നു പന്തലിച്ച ഭാഷയാണ് ഉറുദു. ഇന്തോ ആര്യൻ ഭാഷ കുടുംബത്തിലെ പ്രധാനിയായ ഉറുദു, ഖഡി ബോലി എന്ന ഭാഷയിൽ നിന്ന് ഉരുത്തിരിഞ്ഞു വന്നതാണ്. ഇന്ന് അനുദിനം വികസിച്ചുകൊണ്ടിരിക്കുന്ന സംഗീത സുന്ദരമായ ഭാഷ കൂടിയാണ് ഉറുദു.

മമ്പറം യു.പി സ്കൂളിൽ 2025-26 വർഷത്തിൽ ഉറുദു ഭാഷാ പഠനവുമായി ബന്ധപ്പെട്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന അക്കാദമിക, ഭൗതിക, സാമൂഹ്യ പ്രവർത്തനങ്ങളും നിർദേശങ്ങളും താഴെ ചേർക്കുന്നു.

പൊതുലക്ഷ്യങ്ങൾ

- ഉറുദു ഭാഷ പഠനം അനായാസവും രസകരവുമാക്കി ആസ്വാദന പഠനം കുട്ടികൾക്ക് സാധ്യമാക്കുക
- ഉറുദു ഭാഷ, സാഹിത്യം എന്നിവയുമായി ബന്ധപ്പെട്ട് പൊതു വിജ്ഞാനം നേടുന്നതിനുള്ള സന്ദർഭം സൃഷ്ടിക്കുക.
- ഉർദു ഭാഷ പഠനവുമായി ബന്ധപ്പെട്ട പഠനകരിക്കുലം വിഭാവനം ചെയ്യുന്ന പഠനനേട്ടങ്ങൾ എല്ലാ കുട്ടികളും ആർജിക്കുക
- ഉറുദു ഭാഷ പഠനത്തിലൂടെ ജനാധിപത്യ മതേതര മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന കുട്ടികളെ വാർത്തെടുക്കുക.

| ലക്ഷ്യ/പ്രവർത്തനം | പ്രവർത്തനങ്ങൾ ഉടമ്പം | കാലാവധി |
|---|---|---|
| 1. പാഠം തരംഗ സജ്ജം<br>ഉറുദു വായന | വായന മത്സരങ്ങൾ ക്വിസ് മത്സരങ്ങൾ ഉറുദു പത്രങ്ങൾ ബാലമാസികകൾ, ഉർദു പത്രങ്ങൾ, വായന കാർഡുകൾ തുടങ്ങിയവ വായനക്ക് ലഭ്യമാക്കൽ | വിവിധ ദിനാചരണങ്ങളിൽ |
| 2. [illegible]<br>ഉറുദു കയ്യെഴുത്ത് മാഗസിൻ | രചനാശേഷി വളർത്തൽ ഉറുദുവിൽ മികച്ചതും ഭംഗിയുള്ളതുമായ കൈയെഴുത്ത് എന്നി ലക്ഷ്യ പൂർത്തീകരണത്തിനും കുട്ടികളിലെ സർഗാത്മകത വളർത്തുന്നതിനുവേണ്ടി കയ്യെഴുത്ത് മാസിക, ചുമർ പത്രിക നിർമ്മാണം, വായന കാർഡ് നിർമ്മാണം. | ടേം ൽ ഒരുവിധം |
| 3. മുശാഇറ | ഉറുദു ഗസലിനെയും ഹിന്ദുസ്ഥാനി സംഗീതത്തെയും അടുത്തറിയുന്നതിനും സംഗീത വാസനയുള്ള കുട്ടികളെ കണ്ടെത്തുന്നതിനും മുശാഇറയും ഗസൽ സായാഹ്നവും സംഘടിപ്പിക്കുക | വർഷത്തിൽ ഒന്ന് |

| പ്രവർത്തനം | പ്രവർത്തന ഘട്ടം | കാലയളവ് |
|---|---|---|
| ഉർദുദിനം | ടാലന്റ് മീറ്റ്<br>അക്ഷര മരം<br>എന്റെ പതിപ്പ് | അതാത് ദിനങ്ങളിൽ |
| വായന അനുഭവം | കുട്ടിവായന, അമ്മയും കുഞ്ഞും, വായന അനുഭ-വകുറിപ്പ്, പുസ്തക ചർച്ച, ക്വിസ് മത്സരം മെഗാക്വിസ് | ഒരു വർഷം |
| പൊതു വിജ്ഞാനം ബസ്മെ-ഇൽമ് | പൊതുവായതും ഉർദു-വിലുള്ളതുമായ പൊതു വിജ്ഞാനം കുട്ടികളിൽ എത്തിക്കുന്നതിന് വേണ്ടി ക്വിസ് മത്സരങ്ങൾ സംഘടി-പ്പിക്കുക. | വർഷത്തിൽ ഒന്ന്. |

# അക്കാദമിക് മാസ്റ്റർപ്ലാൻ - ഹിന്ദി.

* ഹിന്ദി ഭാഷാ പഠനത്തിലൂടെ കുട്ടികൾക്ക് ഭാഷാ സ്നേഹവും ദേശസ്നേഹവും വളർത്തിയെടുക്കുക.
* സ്കൂളിൽ പഠിക്കുന്ന എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ ഫലപ്രദമായി എഴുതുവാനും വായിക്കുവാനും സംസാരിക്കാനുമുള്ള കഴിവ് വളർത്തിയെടുക്കുക.
* ഹിന്ദി ഭാഷാ പഠനത്തിലൂടെ കുട്ടികൾക്ക് ഭാഷാ സ്നേഹവും ദേശസ്നേഹവും വളർത്തിയെടുക്കുക.
* ഓരോ യൂണിറ്റിലും പഠിക്കേണ്ട പഠനനേട്ടങ്ങൾ എല്ലാ കുട്ടികളും നേടി എന്ന് ഉറപ്പാക്കുക. ഹിന്ദി ഭാഷാപഠനം ലളിതവും രസകരവും ആകർഷകവുമാക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
* ഭിന്നശേഷി കുട്ടികൾക്ക് അനുയോജ്യമായ പ്രവർത്തനങ്ങൾ നൽകി മികവ് നേടാൻ പ്രോത്സാഹിപ്പിക്കുന്നു.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| • അക്ഷരം, ചിഹ്നം തുടങ്ങിയവ തിരിച്ചറിഞ്ഞ് പരിശീലിപ്പിക്കുന്നു<br>• ഉച്ചാരണം പരിചയപ്പെടുത്തുന്നു. | അക്ഷരമാല തുടങ്ങിയ കാർഡ് നൽകുന്നു<br>അക്ഷരങ്ങൾ ഉറക്കെ വായിപ്പിക്കുന്നു. | ജൂൺ - ഓഗസ്റ്റ് |
| • അക്ഷരങ്ങൾ എഴുതാനും വായിക്കാനും കണ്ടെത്താനും പഠിപ്പിക്കുന്നു. | • ഓഡിയോ, വീഡിയോ സഹായത്തോടെ ഉച്ചാരണം കൃത്യമായി പരിചയപ്പെടുത്തുന്നു.<br>• അക്ഷരമാല കളികൾ<br>• വാക്കുകൾ എഴുതിയ കാർഡുകൾ<br>• വാക്കുകൾ നിർമ്മാണം, വാക്യങ്ങളുടെ നിർമ്മാണം | സെപ്റ്റംബർ - ഡിസംബർ |
| • ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാൻ അവസരം | • ഹിന്ദി അസംബ്ലി<br>• ദിനാചരണങ്ങൾ<br>• ചിത്ര സഹായത്തോടെ ചിത്രകഥ തയ്യാറാക്കൽ<br>• ഹിന്ദി ക്ലബ് പ്രവർത്തനങ്ങൾ | ജനുവരി - മാർച്ച് |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| • ഹിന്ദി അനായാസം എഴുതുവാനും വായിക്കുവാനും പരിശീലിപ്പിക്കുന്നു. | • ചിത്രകഥ, കാർട്ടൂൺ, കവിതകൾ തുടങ്ങിയവ വായനയ്ക്കായി നൽകുന്നു.<br>• കേട്ടെഴുത്ത്, പദ്യോത്തരി എന്നിവ നൽകുന്നു. | ജൂൺ - ഓഗസ്റ്റ് |
| • വായന പരിശീലനത്തിന് അധികപ്രാധാന്യം നൽകുന്നു. | • വർക്ക് ഷീറ്റുകൾ നൽകുന്നു<br>• ചിത്രങ്ങളുടങ്ങിയ പുസ്തകങ്ങൾ വായിക്കുവാൻ നൽകുന്നു. | സെപ്റ്റംബർ - ഡിസംബർ |
| • ചിത്രകഥ/കവിത എന്നിവ വായിച്ച് ആശയം അവതരിപ്പിക്കുവാൻ അവസരം നൽകുന്നു. | • ചിത്രകഥ, കവിതകൾ തുടങ്ങിയവ വായനയ്ക്കായി നൽകുന്നു.<br>• ക്ലാസ് ലൈബ്രറി | |
| • കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പഠിക്കുക. | • ICT സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം | ജനുവരി - മാർച്ച് |

ക്ലബ്ബ്: ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| --- | --- | --- | --- |
| ഹിന്ദി വായന: മെച്ചപ്പെടുത്തൽ. ഹിന്ദി വായിക്കാനുള്ള പരിശ്രമം ഉറപ്പു/ ചെയ്യും. | നിരന്തര പുസ്തക വായന വഴിയും കേൾപ്പിച്ച് വായനയിലേക്ക് ആകർഷിക്കുകയും ഒരു ഹിന്ദി വിദ്യാർത്ഥി വായിക്കാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്യും. | ജൂൺ-ഫെബ്രുവരി | ഹിന്ദി അധ്യാപകർ |
| ഹിന്ദി ഭാഷ: ഹിന്ദിയിൽ സംസാരിക്കാനുള്ള കഴിവുകൾ കുട്ടികളുടെ നിത്യജീവിതത്തിൽ ആവശ്യം വരുന്ന മറ്റു ഹിന്ദിയിൽ സംസാരിക്കാനുള്ള അവസരം പരിശീലിപ്പിക്കുന്നു. | ഹിന്ദി ഭാഷ നിത്യജീവിതത്തിൽ ഉപയോഗിക്കുന്ന ചെറിയ ചെറിയ ആവശ്യങ്ങൾ ഹിന്ദിയിൽ തന്നെ ചോദിക്കും, ഹിന്ദി തെറ്റ് അധ്യാപകർ വഴിയും കുട്ടികൾ (ശ്രദ്ധയോടെ) അത് ശരിയാക്കി വയ്ക്കും. തെറ്റുകൾ ആവർത്തിക്കാതെ വായിക്കുന്ന കുട്ടിക്ക് സമ്മാനം നൽകും. | ജൂൺ-ഫെബ്രുവരി | ഹിന്ദി അധ്യാപകർ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| --- | --- | --- | --- |
| • വീട്ടിലെ കാണുന്നതും, കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കൾ. പേര് ചിത്രത്തിന് എഴുതി/ പറയുക. | വീട്ടിൽ ഉപയോഗിക്കുന്ന. ഗൃഹോപകരണങ്ങൾ ഉൾപ്പെടുന്ന വസ്തുക്കൾ. ചിത്ര. ചിത്രീകരിക്കൽ നടത്തുക.<br><br>ICT യുടെ സഹായത്തോടെ വസ്തുക്കളും ചിത്രീകരണങ്ങളും കാണാം | ജൂൺ - ഫെബ്രുവരി | [illegible] |

IV - ഇംഗ്ലീഷ്.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| • ഇംഗ്ലീഷ് അസംബ്ലി<br>→ ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനും വിദ്യാർത്ഥികളുടെ ശേഷി മെച്ചപ്പെടുത്തൽ | → ആഴ്ചയിൽ രണ്ടു ദിവസം അസംബ്ലി ചേരൽ (അസംബ്ലിയുടെ മുഴുവൻ ചുമതലയും നിർവ്വഹണവും കുട്ടികൾക്ക്) | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | |
| ഇംഗ്ലീഷ് തിയേറ്റർ<br>സർഗ്ഗാത്മകത പരിപോഷണം | = ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ<br>→ Skit<br>→ Drama<br>→ Conversation<br>→ Story telling | മാസത്തിൽ ഒരു തവണ | ക്ലാസ് ടീച്ചർ | SMC |
| ഇംഗ്ലീഷ് മാഗസിൻ<br>സർഗ്ഗാത്മക രചനാശേഷി വികസനം | മൂന്ന് മാസം കൂടുമ്പോൾ കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് മാഗസിൻ തയ്യാറാക്കൽ | 3 മാസത്തിൽ ഒരിക്കൽ | HM<br>ക്ലാസ് ടീച്ചർ<br>SMC | |

| | | | | |
|---|---|---|---|---|
| ഇംഗ്ലീഷ് കോർണർ<br>വായനാ പരിപോഷണം | → കുട്ടികളുടെ നിലവാര- ത്തിനനുസരിച്ച് പുസ്തക- ങ്ങൾ ലഭ്യമാക്കുന്നു<br>വായനാ കുറിപ്പ് തയ്യാറാക്കൽ<br>→ വായനാ മൂല ഒരുക്കൽ<br>→ വായനാ കാർഡ് പുസ്തക പരിചയം | ആഗസ്റ്റ് മാസത്തിൽ ഒന്ന് | ക്ലാസ് ടീച്ചർ | രക്ഷിതാക്കൾ |
| ഇംഗ്ലീഷ് ഫെസ്റ്റ്<br>ഇംഗ്ലീഷ് ഭാഷയിൽ പഠനം മികവ് പുലർത്താൻ നിലവാരത്തിലെത്തിക്കൽ | വായനാ മത്സരം, കഥാ മത്സരം മറ്റ് സർഗ്ഗാത്മക- പ്രവർത്തനങ്ങളുടെ അവതരണം | ഫെബ്രുവരി | ക്ലാസ് ടീച്ചർ, HM, SMC | SMC. |

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിത പഠനം രസകരമാക്കൽ [ചതുഷ്ക്രിയകൾ ലളിതമാക്കൽ] | വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ നടപ്പാക്കൽ - മൂല്യനിർണയം [കോണിയും പാമ്പും ഡയസ് കളി] സങ്കലനം-വ്യവകലനം [കൂട്ടുകളി] | വർഷം മുഴുവൻ | SRG ക്ലാസ് ടീച്ചർ | |
| ഒറിഗാമിയിലൂടെ പഠിക്കാം<br>ഗണിത ശാസ്ത്ര പഠനം രസകരമാക്കൽ - കര ചലന | ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം പ്രദർശനം | വർഷത്തിലൊരിക്കൽ (ഗണിതമേളയ്ക്ക്) | ക്ലാസ് ടീച്ചർ | PTA |
| ഗണിത ലാബ്<br>ഗണിത പഠന പ്രവർത്തനം സുതാര്യമാക്കൽ | ഗണിത ലാബ് ഉപകരണം പഠനത്തിന് ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA |

| | | | | |
|---|---|---|---|---|
| ഗണിതച്ചൂർ<br>ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | ഗണിതച്ചൂർ രൂപങ്ങൾ ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | PTA |
| ഗണിതോപകരണ കിറ്റുകൾ<br>പഠനോപകരണങ്ങളിലൂടെ ഗണിതപഠനം രസകരമാക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം പ്രദർശനം | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | PTA |
| ഗണിതമേള<br>ഗണിത ശേഷികളുടെ പ്രകടനം | പ്രശ്നോത്തരി<br>പസിൽ<br>പാറ്റേൺ<br>പഠനോപകരണങ്ങളുടെ പ്രദർശനം | വർഷത്തിലൊന്ന് | SRG<br>ക്ലാസ് ടീച്ചർ | PTA |

സംസ്കൃതം

അക്കാദമിക് മാസ്റ്റർ പ്ലാൻ

ക്ലാസ് - 5, 6, 7

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി |
|---|---|---|
| ഇന്ത്യയിലെ ഔദ്യോഗിക ഭാഷകളിൽ ഒന്നാണ് സംസ്കൃതം<br><br>UP തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കൽ | 1, ഭാഷ ജ്ഞാനം<br>• അക്ഷരം എഴുതുന്നത്<br>• ചിഹ്നം ഉറപ്പിക്കൽ<br>• അക്ഷര കാർഡ്<br>• വാക്കുകൾ എഴുതിയ കാർഡ്<br>• അക്ഷരമാലാ പ്രദർശനം.<br>• അക്ഷരമരം.<br>• കാർട്ടൂൺ പ്രദർശനം<br>• പാട്ടുകളും കഥകളും കേൾപ്പിക്കുക.<br><br>2 പറയാം പഠിക്കാം.<br>ചിത്രങ്ങളുടെ പേര് പറയൽ | ജൂൺ - ഓഗസ്റ്റ് |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി |
| --- | --- | --- |
| | • ചിത്രകഥകൾ<br>• ലഘു സംഭാഷണങ്ങൾ നിത്യജീവിതത്തിൽ ഉപയോഗിക്കുന്ന സംസ്കൃത പദങ്ങൾ | |
| 2. വീട് ഒരു പരീക്ഷണശാല<br>കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് സംസ്കൃതത്തിൽ പഠിക്കുക. | • വീട്ടിൽ ഉപയോഗിക്കുന്ന വസ്തുക്കളുടെ പട്ടിക സംസ്കൃതത്തിൽ - തയ്യാറാക്കുക.<br>• ICT സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം. | സെപ്റ്റംബർ<br>ഒക്ടോബർ |
| 3. വായനാലോകം<br>കുട്ടിയെ വായനയുടെ ലോകത്തേക്ക് കൊണ്ടുവരൽ | തിരഞ്ഞെടുത്ത ലളിതമായ പുസ്തക ശേഖരണത്തിലൂടെ സംസ്കൃത ലൈബ്രറി സജ്ജീകരിക്കുക.<br>ഓരോ പിരീഡും ആദ്യത്തെ 5 മിനുട്ടിൽ ഒരു കുട്ടി ഒരു പുസ്തകത്തിന്റെ പേജ് ഉറക്കെ വായിക്കുക.<br>വായിച്ച പുസ്തകങ്ങൾ രേഖപ്പെടുത്തുക. | |

# അക്കാദമിക മാസ്റ്റർ പ്ലാൻ

പൊതുവിദ്യാഭ്യാസത്തെ മുഖ്യധാരയിലെത്തിക്കാൻ കുട്ടികളിൽ ഭാഷാവികാസം, വൈജ്ഞാനിക മേഖല, സർഗാത്മക മേഖല എന്നീ മേഖലകളിൽ കുട്ടികളുടെ ശേഷി പരിഗണിച്ചാണ് സ്കൂൾ തല മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്. കുട്ടികൾക്ക് ശേഷി വികസനങ്ങൾ നൽകിയാണ് ഓരോ കുട്ടിയുടെയും സന്തോഷപ്രദമായ വികാസമാണ് ഈ വർഷം ലക്ഷ്യമിടുന്നത്. എല്ലാ വിഷയത്തിലും നൈപുണി നേടി ഒരു നല്ല വിദ്യാഭ്യാസത്തിന്റെ ഉടമയായി- ഓരോ കുട്ടിയും എല്ലാതലങ്ങളിലും മികവുറ്റവരായി തീരണം. അതാണ് ലക്ഷ്യം. ഈ ലക്ഷ്യങ്ങളിലെല്ലാം ഊന്നിക്കൊണ്ട് കുട്ടികളെ മുഖ്യധാരയിലെത്തിക്കാൻ സർവ്വതോവ സ്ഥാനം വരെയുള്ള പ്രവർത്തനങ്ങളാണ് ഇതിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്.